# വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്ത്

# ബജറ്റ്
## 2026-27





വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൻറെ 2026-27 വർഷത്തെ ബജറ്റ് സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയിട്ടുള്ള ബഹുമാന്യരായ എല്ലാ വിശിഷ്ടാതിഥികളെയും ഹൃദയം നിറഞ്ഞ സ്വാഗതം ചെയ്യുന്നു.

പഞ്ചായത്ത് ഭരണ സമിതിയുടെ വികസന പ്രവർത്തനങ്ങൾക്ക് എന്നും കരുത്തായി നിന്നുകൊണ്ടിരിക്കുന്ന ബഹു. എം.പി., ബഹു. എം.എൽ.എ., ത്രിതല പഞ്ചായത്ത് അംഗങ്ങൾ, വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കൾ, സാമൂഹ്യ-സാംസ്കാരിക പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ, നിർവ്വഹണ ഉദ്യോഗസ്ഥർ, സെക്രട്ടറി ഉൾപ്പെടെയുള്ള മുഴുവൻ ജീവനക്കാരും പഞ്ചായത്തിന്റെ അഭിനന്ദനത്തിനർഹരാണ്. ഈ ഭരണ സമിതിയുടെ ആദ്യത്തെ ബജറ്റ് ബഹു. വൈസ് പ്രസിഡൻറ് ശ്രീമതി മുനീറ അഫ്സൽ അവതരിപ്പിക്കുന്നതാണ്.

ദർശനം (Vision)

നമ്മുടെ പഞ്ചായത്തിന്റെ ദർശനം ജനങ്ങളുടെ സമഗ്ര വികസനമാണ്. ദീർഘകാല വികസന ആവശ്യങ്ങൾ മുൻനിർത്തി യുവാക്കൾ, സ്ത്രീകൾ, വിധവകൾ, കുട്ടികൾ, പട്ടികജാതി വിഭാഗക്കാർ, ഭിന്നശേഷിക്കാർ, മുതിർന്ന പൗരന്മാർ, കൂടാതെ സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട എല്ലാ വിഭാഗങ്ങളും ഉൾപ്പെടുന്ന സമഗ്ര വികസന പദ്ധതികളാണ് നാം ആവിഷ്കരിക്കുന്നത്. വികസനം ചിലരുടെ മാത്രം അവകാശമല്ല; അത് ഓരോ വീട്ടിലേക്കും, ഓരോ ജീവിതത്തിലേക്കും എത്തേണ്ട ഒരു അവകാശമാണ്.

ദൗത്യം (Mission)

നിശ്ചിത സമയപരിധിക്കുള്ളിൽ ഈ ദർശനം യാഥാർത്ഥ്യമാക്കുക എന്നതാണ് നമ്മുടെ ദൗത്യം. സുതാര്യത, ഉത്തരവാദിത്തബോധം, ഗുണമേന്മ എന്നിവ ഉറപ്പാക്കി അടിസ്ഥാന സൗകര്യ വികസനത്തിൽ മുന്നേറ്റം കൈവരിക്കുകയാണ് ലക്ഷ്യം. ഭരണസമിതിയിലെ പല അംഗങ്ങളും പുതുമുഖങ്ങളാണ് എന്നത് ഒരു സത്യമാണ്. എന്നാൽ പരിചയക്കുറവ് ഒരു പോരായ്മയല്ല; അത് പുതുമയുള്ള ചിന്തകളും മുൻവിധികളില്ലാത്ത സമീപനങ്ങളും കൊണ്ടുവരാനുള്ള

അവസരമാണ്. കഠിനാധ്വാനവും പഠിക്കാനുള്ള സന്നദ്ധതയും ഉണ്ടെങ്കിൽ ഏത് വെല്ലുവിളിയും മറികടക്കാൻ കഴിയും എന്ന ആത്മവിശ്വാസത്തിലാണ് ഞങ്ങൾ മുന്നേറുന്നത്.

നയം (Policy)

ജനോപകാരപ്രദവും ജനസൗഹൃദപരവുമായ സേവനം ഉറപ്പാക്കുക എന്നതാണ് പഞ്ചായത്തിന്റെ നയം. ഗുണമേന്മ ഒരു തുടർച്ചയായ പ്രക്രിയയാണെന്ന് മനസ്സിലാക്കി, സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ജനസന്തോഷം ഉറപ്പാക്കുന്നതിനുമായി സമഗ്രമായ പ്രവർത്തനരീതിയാണ് സ്വീകരിച്ചിരിക്കുന്നത്. ഓരോ ഫയലും ഓരോ ജീവിതമാണെന്ന ബോധ്യത്തോടെ ജനങ്ങളുടെ അപേക്ഷകളിൽ കാലതാമസം വരുത്താതെ, പദവിയോ സാമൂഹിക നിലയോ നോക്കാതെ തുല്യമായ പരിഗണന നൽകണമെന്ന് എല്ലാ ഉദ്യോഗസ്ഥരോടും ജനപ്രതിനിധികളോടും ഞാൻ അഭ്യർത്ഥിക്കുന്നു.

ലക്ഷ്യങ്ങൾ (Objectives)

താഴെത്തട്ടിലുള്ള ജനങ്ങളുടെ ശാക്തീകരണം, അവസരസമത്വം, വികേന്ദ്രീകൃത ഭരണരീതി, ജനപങ്കാളിത്തം എന്നിവയാണ് നമ്മുടെ ലക്ഷ്യങ്ങൾ. ഗ്രാമസഭകളിലൂടെ ചർച്ചചെയ്തും പൊതുജനങ്ങളുടെ നിർദേശങ്ങൾ ഉൾക്കൊണ്ടുമാണ് പദ്ധതികൾ രൂപപ്പെടുത്തുന്നത്. ധനസ്രോതസ്സുകളുടെ ലഭ്യതയും ഭരണസമിതിയുടെ ആലോചനാപരമായ തീരുമാനങ്ങളും ലക്ഷ്യസാക്ഷാത്കാരത്തിന് നിർണ്ണായകമാണ്.

മുൻഗണനകൾ (Priorities)

ലഭ്യമായ വിഭവങ്ങളും സമയവും ഉപയോഗിച്ച് ഏറ്റവും പ്രധാനപ്പെട്ടതും സ്വാധീനമുള്ളതുമായ പ്രോജക്റ്റുകൾ കണ്ടെത്തി അവയ്ക്ക് മുൻഗണന നൽകുന്ന പ്രക്രിയയാണ് ഉദ്ധേശിക്കുന്നത്.വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗം, ഉയർന്ന മൂല്യമുള്ള പ്രോജക്റ്റുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കൽ, മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളുമായി പൊരുത്തപ്പെടൽ എന്നിവ മുൻഗണന നൽകേണ്ടതിൻറെ ആവശ്യകതയാണ്. എല്ലാ ലക്ഷ്യങ്ങളും ഒരു സാമ്പത്തിക വർഷത്തിൽ കൈവരിക്കുവാൻ സാധിക്കുകയില്ല.ദുർബല വിഭാഗക്കരായ പട്ടിക ജാതി വിഭാഗക്കാർ, ഭിന്നശേഷിക്കാർ, മുതിർന്ന പൌരൻമാർ, സ്ത്രീകൾ, കുട്ടികൾ, പരിഗണ അർഹിക്കുന്ന മറ്റ് വിഭാഗക്കാർ എന്നിവർക്ക് പ്രത്യേകം ഉന്നൽ നൽകുന്നതുമാണ്

അവലോകനം (Review)

ഭരണസമിതി അധികാരത്തിലെത്തിയിട്ട് വെറും രണ്ട് മാസം മാത്രമാണെങ്കിലും, ആരംഭിക്കാത്ത പദ്ധതികൾ പുനഃപരിശോധിച്ച് ആവശ്യമായ ഭേദഗതികളോടെ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മുൻ ഭരണസമിതി ആരംഭിച്ച പദ്ധതികൾ വിലയിരുത്തി ഗുണമേന്മയും വേഗതയും ഉറപ്പാക്കാൻ ശ്രമിക്കുന്നു.

ഗുണമേന്മയും നിർമ്മാണ മേൽനോട്ടവും

ലോക പൈതൃക സ്മാരകങ്ങളായ Taj Mahal, Red Fort, Jama Masjid എന്നിവ ഇന്നും നിലനിൽക്കുന്നത് അതിന്റെ ഗുണമേന്മയും എഞ്ചിനീയറിംഗ് മികവുമാണ്. നമ്മുടെ പഞ്ചായത്തിൽ നടക്കുന്ന റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ തുടങ്ങിയ എല്ലാ നിർമ്മിതികളിലും ഗുണനിലവാരം ഉറപ്പാക്കേണ്ടത് നിർബന്ധമാണ്. നിർമ്മാണ ചുമതലയുള്ള ഉദ്യോഗസ്ഥർ ഭൂമിയുടെ സ്വഭാവം പരിഗണിച്ച് സാങ്കേതിക മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഭരണസമിതി ശക്തമായ മേൽനോട്ടം വഹിക്കും. വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുന്നതിൽ യാതൊരു വിട്ടുവീഴ്ചയും ഉണ്ടാകില്ല.

പ്ലാൻ ഫണ്ടും പദ്ധതി വൈകല്യവും

നമ്മുടെ പഞ്ചായത്തിലെ പല പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഏറ്റവും പ്രധാന ഘടകം പ്ലാൻ ഫണ്ടിന്റെ സമയോചിതമായ ലഭ്യതയാണ്. ചിലപ്പോഴൊക്കെ ഫണ്ട് ലഭിക്കാത്തതുകൊണ്ടും വൈകുന്നതുകൊണ്ടും പ്രവൃത്തികൾ താൽക്കാലികമായി നിർത്തിവെക്കേണ്ടി വരുന്ന സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത് ഭരണസമിതിയുടെ അനാസ്ഥയല്ല, സാമ്പത്തിക വിന്യാസത്തിലെ വൈകല്യമാണ്. എന്നിരുന്നാലും, ലഭ്യമായ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

ഒത്തൊരുമയുടെ ആഹ്വാനം

നമ്മുടെ ഈ യാത്രയിൽ എല്ലാ ഭരണസമിതി അംഗങ്ങളുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ആത്മാർത്ഥ സഹകരണം അനിവാര്യമാണ്. ഒരംഗത്തിന്റെ വീഴ്ച പോലും മുഴുവൻ പഞ്ചായത്തിന്റെ പുരോഗതിയെ ബാധിക്കും. അതുകൊണ്ട് കക്ഷിരാഷ്ട്രീയത്തിന് അതീതമായി നാടിന്റെ വികസനത്തിനായി ഒന്നിച്ച് പ്രവർത്തിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

“കർമ്മം ചെയ്യുക നമ്മുടെ കടമയാണ്” എന്ന ആത്മവിശ്വാസത്തോടെയും “ഭൂമിയിലുള്ളവരോട് കരുണ കാണിക്കുക” എന്ന മനുഷ്യസ്നേഹ സന്ദേശത്തോടെയും നാം മുന്നോട്ട് പോകണം. നമ്മുടെ പ്രവർത്തനങ്ങൾ വരും

തലമുറയ്ക്ക് അഭിമാനകരമായ ഒരു അടയാളമായി മാറട്ടെ; അവർ നമ്മളെ ശപിക്കേണ്ട അവസ്ഥയിലേക്കല്ല, സ്നേഹത്തോടെ ഓർക്കേണ്ട നിലയിലേക്കാണ് നാം പ്രവർത്തിക്കേണ്ടത്.

പഞ്ചായത്തിലെ മുഴുവൻ ഉദ്യോഗസ്ഥരുടെയും, പ്രത്യേകിച്ച് നിർമ്മാണ വിഭാഗം ഉദ്യോഗസ്ഥരുടെയും സഹകരണം ഉണ്ടെങ്കിൽ മാത്രമേ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയൂ. ജനങ്ങളുടെ വിശ്വാസം കാത്തുസൂക്ഷിച്ച്, ഗുണമേന്മയും സുതാര്യതയും ഉറപ്പാക്കി, വികസനത്തിന്റെ പുതിയ അധ്യായം എഴുതാൻ നമുക്ക് ഒന്നിച്ച് കൈകോർക്കാം.

എല്ലാവരുടെയും സഹകരണത്തിനും പിന്തുണയ്ക്കും വീണ്ടും നന്ദി രേഖപ്പെടുത്തി ഈ ബജറ്റ് പ്രസംഗം ഞാൻ സമാപിക്കുന്നു.



ബഹുമാനപ്പെട്ട പ്രസിഡൻറ്, സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാർമാർ, ത്രിതല പഞ്ചായത്ത് അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ,സെക്രട്ടറി, ജീവനക്കാർ മാധ്യമ സുഹൃത്തുക്കൾ ഇവിടെ സന്നിഹിതരായിട്ടുള്ള പ്രിയമുള്ളവരെ "Well began is half done" നല്ല തുടക്കം പകുതി പ്രവൃത്തി ചെയ്തതിന് തുല്യമാണ് എന്ന ആപ്ത വാക്യമുൾകൊണ്ട് വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൻറെ പുതിയ ഭരണസമിതി തങ്ങളുടെ അഞ്ച് വർഷത്തെ പ്രവർത്തനങ്ങൾക്ക് ശുഭാരംഭം കുറിക്കുകയാണ് ഈ ബജറ്റിലൂടെ. സാമ്പത്തിക വർഷാരംഭത്തിന് മുമ്പെ പദ്ധതികൾ രൂപീകരിക്കുന്നതിന് സാധിച്ചിട്ടുള്ളത് ഒരുവർഷക്കാലം സമയം പദ്ധതി നടത്തിപ്പിന് ലഭിക്കുന്നത് വഴി തൻവർഷ പദ്ധതികൾ 100 ശതമാനം അതാത് വർഷം പൂർത്തീകരിക്കുന്നതിന് സാധിക്കേണ്ടതാണ്.

**വരവുകൾ**

2026-27 സംസ്ഥാന ബജറ്റിൽ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിന് ജനറൽ വിഭാഗത്തിൽ 5.35.36.000 രൂപയും പട്ടികജാതി വിഭാഗത്തില് 1,02,34,000 രൂപയും മെയിൻറെനൻസ് ഗ്രാൻറ് വിഭാഗത്തിൽ റോഡ് വിഭാഗം 1,82,21,000, നോൺ റോഡ് 1.17.33.000 രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. മറ്റുള്ള ഫണ്ടുകളൊന്നും അനുവദിച്ചിട്ടില്ല. എങ്കിലും ധനകാര്യ കമ്മീഷൻ അടിസ്ഥാന ഗ്രാൻറ് 80,08,000 രൂപയും റ്റൈഡ് ഇനത്തിൽ 1,20,12,000 രൂപയുടെ വരവും പ്രതീക്ഷിക്കുന്നു.

കൂടാതെ പഞ്ചായത്തിൻറെ വസ്തു നികുതി, തൊഴിൽ നികുതി, തുടങ്ങിയവയിൽ നിന്ന് 1,52,00,000 രൂപയുടെ വരവും തൊഴിലുറപ്പ് പദ്ധതിയുടെ ആക്ഷൻ പ്ലാൻ പ്രകാരം 3,40,86,021 രൂപയും വിവിധ ക്ഷേമപെൻഷൻ. വായ്പ, പലിശ. ജനറൽ പർപ്പസ് ഫണ്ട് തുടങ്ങിയ മറ്റുള്ളവയിൽ നിന്നുമായി ആകെ 45,14,80,604/- രൂപയുടെ വരവാണ് ഈ ബജറ്റിൽ പ്രതീക്ഷിക്കുന്നത്.

പ്രശസ്ത സാഹിത്യകാരൻ ബെന്യാമിൻറെ ഇരുണ്ട വനസ്ഥലികൾ എന്ന പുസ്തകത്തിലെ ഇച്ഛാശക്തി എന്ന അദ്ധ്യായത്തിൽ രേഖപ്പെടുത്തിയത് പോലെ "വളരണമെന്ന് നിനച്ചിറങ്ങിയ ഒരുവൻ തൻറെ ഇച്ഛാശക്തി കൊണ്ട് അത് നേടിയെടുത്തിരിക്കും" എന്നത് പോലെ പഞ്ചായത്തിൻറെ സമഗ്ര വളർച്ചക്കുള്ള നൂതനമായി പല പദ്ധതികളും ഭരണസമിതി വിഭാവനം ചെയ്ത് കൊണ്ട് തുടക്കം കുറിക്കുകയാണ്.

**ഉൽപാദന മേഖല**

നമ്മുടെ പഞ്ചായത്തിൽ 60 ശതമാനം ആളുകൾ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരാണ്.മുൻ വർഷങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികൾക്ക് പുറമെ നൂതനമായ ഏതാനും പദ്ധതികൾ കൂടി കാർഷിക മേഖലയെ പരിപോഷിപ്പിക്കുന്നതിന് ബജറ്റ് വിഭാവനം ചെയ്തിട്ടുണ്ട്.കാർഷിക ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഭക്ഷ്യ ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിച്ച് ഉപജീവനപിന്തുണ നൽകുന്ന സുസ്ഥിരവും പ്രായോഗികവുമായ തൊഴലാക്കി കൃഷിയെ മാറ്റുന്നതിനും കർഷകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും അതുവഴി കേരളത്തിൻറെ കാർഷിക സമ്പദ് വ്യവസ്ഥയെ പിന്തുണക്കുന്നതിനും ഉപയുക്തമായ പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഏകദേശം 400 ടണ്ണോളം നെല്ല് ഉൽപാദിപ്പിക്കുന്ന നമുക്ക് ഗ്രാമശ്രീ കുത്തരി വള്ളിക്കുന്ന് എന്ന ബ്രാൻഡിൽ അരി വിപണനം നടത്തുന്ന പദ്ധതിക്കായി ഡി.പി.ആർ തയ്യാറാക്കുന്നതിന് തുക നീക്കി വെച്ചിട്ടുണ്ട്. കൂടാതെ തെങ്ങ് കൃഷി വ്യാപനം 13 ലക്ഷം, വാഴകൃഷി 6 ലക്ഷം, പച്ചക്കറി വികസനം 2 ലക്ഷം, നെൽകൃഷി സബ്സിഡി 29 ലക്ഷം രൂപയുടേയും പദ്ധതി ഉൾകൊള്ളിച്ചിട്ടുണ്ട്. തരിശായി കിടക്കുന്ന നിരവധി പാടങ്ങൾ ഇന്ന് നാശാവസ്ഥയിലാണ്.ഇതിന് ശാശ്വത പരിഹാരമായി തരിശുഭൂമി കൃഷി വികസനത്തിന് 23,17,000 രൂപ ബജറ്റിൽ ഉൾകൊള്ളിച്ചിട്ടുണ്ട്.

മൃഗസംരക്ഷണ മേഖലയിൽ പാൽ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ രൂപീകരിക്കുന്നതിന് തുക നീക്കി വെച്ചിട്ടുണ്ട്. കാലതീറ്റ, പാൽസബ്സിഡി പദ്ധതിയും മുട്ടകോഴികളെ വിതരണം ചെയ്യുന്നതിനും പദ്ധതിയിൽ തുക നീക്കി വെച്ചിട്ടുണ്ട്. ഇവിടെ ഉൽപാദിപ്പിക്കുന്ന കാർഷിക ഉൽപന്നങ്ങളും പാലുൽപന്നങ്ങളും നല്ല വിപണി കണ്ടെത്തുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി ഇൻറഗ്രേറ്റഡ് ഫാമിംഗ് ക്ലസ്റ്റർ എന്ന പദ്ധതി ജില്ലാ കുടുംബശ്രീ മിഷനുമായി ചേർന്നുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

നമ്മുടെ ജില്ല അഭിമുഖീകരിക്കുന്ന തെരുവ് നായ ശല്യത്തിന് ശാശ്വത പരിഹാരം കാണുന്നതിന് തെരുവ്നായ ശല്യം പരിഹരിക്കുന്ന എ.ബി.സി സമഗ്ര പദ്ധതിക്കായി 2.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കടലുമായി മല്ലിടുന്ന നമ്മുടെ മത്സ്യതൊഴിലാളി സുഹൃത്തുക്കൾക്ക് വലയും വള്ളവും വാങ്ങുന്നതിന് 12 ലക്ഷം രൂപയും സുരക്ഷാ ഉപകരണം വാങ്ങുന്നതിന് 3 ലക്ഷം രൂപയും വകയിരുത്തുന്നു. കൂടാതെ മോട്ടോർ സൈക്കിൾ ഐസ് ബോക്സ് വാങ്ങുന്നതിന് 4 ലക്ഷം മത്സ്യതൊഴിലാളി സ്ത്രീകൾക്ക് സ്വയം തൊഴിൽ എന്ന നിലക്ക് മത്സ്യങ്ങളിൽ നിന്ന് മൂല്യ വർദ്ധിത ഉൽപന്നങ്ങൾ നിർമിക്കുന്നതിന് 4 ലക്ഷം രൂപയും വകയിരുത്തുന്നു. മത്സ്യതൊഴിലാളി കുട്ടികൾക്ക് ലാപ്ടോപ് ഫർണിച്ചർ എന്നിവ വാങ്ങുന്നതിന് 18 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട് .ഉൽപാദന മേഖലയിൽ ആകെ **4,58,56000** രൂപയുടെ പദ്ധതികളാണ് വകയിരുത്തിയിട്ടുള്ളത്.

.

**ടൂറിസം**

ദ്വീപും കടലും കായലും പുഴയുമുള്ള വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിന് ടൂറിസം മേഖലയിലുള്ള സാധ്യതകൾ പ്രോയചനപ്പെടുത്തി വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിനെ ടൂറിസം ഭൂപടത്തിൽ അടയാളപ്പെടുത്തി ടൂറിസം ഹബ്ബാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുക എന്നുള്ളതാണ് 2026-27 ബജറ്റലൂടെ ലക്ഷ്യമിടുന്നതി്.ബാലാതിരുത്തി ദ്വീപ്, കണ്ടൽകാടുകൾ, കടലുണ്ടി, കോട്ടക്കടവ്, കൂടാതെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൻറെ വിവിധ ഭാഗങ്ങളെ ഉൾപ്പെടുത്തി ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നു.ആയത് മൂലം യുവാക്കൾക്ക് കൂടുതൽ തൊഴിലവസരങ്ങളും ലഭ്യമാക്കുന്നതിനും ജീവിതം മെച്ചപെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതാണ്.

കോട്ടക്കടവ് കടലുണ്ടി ടൂറിസം പദ്ധതി ഡി.പി.ആർ തയ്യറാക്കുന്നതിനായി 5 ലക്ഷം രൂപ വകയിരുത്തുന്നു.

കാര്യാട് മാതാപുഴ ഇരുമ്പോത്തിങ്ങൽ ടൂറിസം പദ്ധതി ഡി.പി.ആർ തയ്യാറാക്കുന്നതിനായി 5 ലക്ഷം രുപ വകയിരുത്തുന്നു.

**സേവന മേഖല**

സ്ത്രീ ശാക്തീകരണത്തിലൂടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനമാണ് ലക്ഷ്യമിടുന്നത് വനികൾക്ക് ഡ്രൈവിംഗ് പരിശീലനം എന്ന പദ്ധതിക്കായി 10 ലക്ഷം രൂപയും സ്ത്രീകൾക്ക് യോഗാ പരിശീലനത്തിനായി 5 ലക്ഷം രൂപയും, സ്വയം തൊഴിൽ സംരഭത്തിന് വാഹനം 5 ലക്ഷം രൂപയും സ്വയം തൊഴിൽ പദ്ധതി ഗ്രൂപ്പിന് 5 ലക്ഷം രൂപയും വകയിരുത്തുന്നു. കൂടാതെ മെൻസ്ട്രൽ കപ്പ് വിതരണത്തിനായി 10 ലക്ഷം രൂപയും വകയിരുത്തുന്നു.

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെടുന്ന ഭിന്ന ശേഷി വിഭാഗക്കാരെയും വയോജനങ്ങളെയും മുഖ്യധാരയിലേക്ക് കൊണ്ട് വരേണ്ടതുണ്ട്. ഭിന്ന ശേഷി കലോത്സവം, ഭിന്ന ശേഷി വിഭാഗം ഡോക്യുമെൻറേഷൻ എന്നീ പദ്ധതിക്കായി 2 ലക്ഷം രൂപയും 80 വയസ്സിന് മുകളിലുള്ളവർക്ക് പോഷകാഹാര കിറ്റ് എന്ന പദ്ധതിക്കായി 5 ലക്ഷം രൂപയും, പകൽ വീട്ടിൽ ഭക്ഷണം തുടങ്ങിയ പദ്ധതികൾക്കായി 3 ലക്ഷം,വയോജന സംഗമം സൌഹൃദ സായന്തനം എന്ന പദ്ധതിക്കായി 8 ലക്ഷം രൂപയും വയോജനങ്ങൾക്ക് കട്ടിൽ നൽകുന്നതിന് 10 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. സാധാരണക്കാരുടെവീടെന്ന സ്വപ്നം സാക്ഷാൽകരിക്കുന്നതിന് ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് **2,96,00,000** രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ സേവന മേഖലയി ഉൾപ്പെടുന്ന പദ്ധതികൾക്കായി ആകെ 9,73,18,500 രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

പശ്ചാത്തല മേഖല

**തെരുവ് വിളക്ക് സ്ഥാപിക്കലും അവയുടെ പരിപാലനവും**

റോഡുകളിലും പൊതുസ്ഥലങ്ങളിലും രാത്രിയിൽ വെളിച്ചം നൽകി സുരക്ഷ ഉറപ്പാക്കാനും, കുറ്റകൃത്യങ്ങൾ കുറയ്ക്കാനും, അപകടങ്ങൾ ഒഴിവാക്കാനും സ്ഥാപിച്ചിട്ടുള്ള പ്രകാശ സ്രോതസ്സുകളാണ് തെരുവ് വിളക്കുകൾ ഇവ . ദൃശ്യപരത മെച്ചപ്പെടുത്തി കാൽനടയാത്രക്കാരുടെ അപകടങ്ങൾ 50% വരെ കുറയ്ക്കാൻ സഹായിക്കുന്നു. പഞ്ചായത്തിൻറെ അനിവാര്യച്ചുമതല എന്ന നിലയിൽ പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി 5 ലക്ഷം രൂപ വകരിയരുത്തുന്നു. കൂടാതെ നിലവിലുള്ളവ റിപ്പയർ ചെയ്യുന്നതിന് 4 ലക്ഷം രൂപയും വകയിരുത്തുന്നു.

**വാർധക്യത്തിൻറെ ഏകാന്തതയകറ്റാൻ പകല് വീട്**

വാർധ്യകത്തിൻറെ ഏകാന്തതയിൽ കഴിയുന്നവർക്കായി വാർധക്യകാലം ആസ്വദിക്കാനും ആനന്ദകരമാക്കാനുമുള്ള സൌകര്യങ്ങളോട് കൂടി പകൽ വീട് പൂർത്തീകരിക്കുന്നതിന് 5 ലക്ഷം രൂപവകയിരുത്തുന്നു.

**മാലിന്യ സംസ്കരണ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ**

സുസ്ഥിരമായ ഒരു ഭാവി സൃഷ്ടിക്കുന്നതിൽ മാലിന്യ സംസ്കരണത്തിന്റെ പങ്ക് ഊഹിക്കാവുന്നതേയുള്ളു മാലിന്യ സംസ്കരണം എന്നത് മാലിന്യം ശേഖരിക്കുന്നതു മുതൽ അന്തിമ സംസ്കരണം വരെ കൈകാര്യം ചെയ്യുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങളെയാണ് സൂചിപ്പിക്കുന്നത്ഖര ., ദ്രാവക, അപകടകരം, അപകടകരമല്ലാത്തത്, ഗാർഹിക, വ്യാവസായിക, ബയോമെഡിക്കൽ, മുനിസിപ്പൽ, ജൈവ മാലിന്യങ്ങൾ എന്നിവയെല്ലാം വ്യാവസായിക പ്രക്രിയകളുടെ ഉപോൽപ്പന്നമാണ്; മാലിന്യ സംസ്കരണ രീതികൾ മാലിന്യങ്ങൾ സമൂഹത്തിൽ ചെലുത്തുന്ന പ്രതികൂല സ്വാധീനം കുറയ്ക്കുന്നതിനോ ഇല്ലാതാക്കുന്നതിനോ ശ്രമിക്കുന്നു. വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൻറെ മാലിന്യ സംസ്കരണം കൂടുതൽ മെച്ചപ്പെടുത്തുന്നതിൻറെ ഭാഗമായി നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എം.സി.എഫിന് സ്വന്തമായി കെട്ടിടം നിർമിക്കുന്നതിന് 30 ലക്ഷം രൂപ വകയിരുത്തുന്നു.

**കളിസ്ഥലം**

ശാരീരികവും മാനസികവും സാമൂഹികവുമായ വികാസത്തിന് കളിസ്ഥലങ്ങൾ അത്യന്താപേക്ഷിതമാണ്. സാമൂഹിക ഇടപെടലിലൂടെ കൂട്ടായ്മയും സഹകരണവും മെച്ചപ്പെടുത്താൻ കളിസ്ഥലങ്ങൾ വലിയ പങ്കുവഹിക്കുന്നു

ശോചനീയാവസ്ഥയിലുള്ള  വള്ളിക്കുന്ന് മിനി സ്റ്റേഡിയം അറ്റകുറ്റ പണി നടത്തി നവീകരിക്കുന്നതിനായി ബജറ്റിൽ 10 ലക്ഷം രൂപ വകിയിരുത്തുന്നു.

അരിയല്ലൂർ മിനിസ്റ്റേഡിയം നിർമ്മാണം പൂർത്തീകരിക്കുന്നതിന് 10 ലക്ഷം രൂപയും വകയിരുത്തുന്നു..

**പഞ്ചായത്ത് ഓഡിറ്റോറിയം നിർമ്മാണം**

വിവിധ മീറ്റിംഗുകൾ നടത്തുന്നതിനും പൊതുജനങ്ങൾക്ക് വിവിധ ചടങ്ങുകൾ നടത്തുന്നതിന്  അനുയോജ്യമായ തരത്തിലും  പഞ്ചായത്തിൻറെ തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കുന്നതിനും ഉദ്ധേശിച്ച് ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തുന്നു

പഞ്ചായത്തിലെ വിവിധ റോഡുകൾ ഗതാഗതയോഗ്യമാക്കി ജനങ്ങളുടെ യാത്രാ സൌകര്യം മെച്ചപ്പെടുത്തുന്നതിന് മെയിന്റെനൻസ് ഫണ്ട് റോഡ് ഇനത്തിൽ 1.5 കോടി രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് കൂടാതെ മറ്റുള്ള ഫണ്ട് ഉപോയഗിച്ച്  പ്രവർത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.

പശ്ചാത്തല മേഖലയിലെ വിവിധ പദ്ധതികൾക്കായി ആകെ 4,52,34,000 രൂപയുടെ പദ്ധതികളാണ് ഉൾകൊള്ളിച്ചിട്ടുള്ളത്

**പട്ടികജാതി വികസനം**

പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്,ലാപ് ടോപ്, വിവാഹധനസഹായം, പി.എസ്.സി പരിശീലനം, വീട് വാസയോഗ്യമാക്കൽ, ലൈഫ് ഭവന പദ്ധതി , പി.എം.എ വിഹിതം നൽകൽ, എസ്.സി ശ്മശാനം പൂർത്തീകരണം, എസ്.സി ശ്മശാനം അടിസ്ഥാന സൌകര്യ വികസനം തുടങ്ങിയ പദ്ധതികൾക്കായി  **2,47,14000 രൂപ** വകയിരുത്തിയിട്ടുണ്ട്.

**തൊഴിലുറപ്പ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം  ഗ്രാമീണ കുടുംബങ്ങൾക്ക് ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ അവിദഗ്ധ കായിക തൊഴിൽ ഉറപ്പാക്കുന്നതിനും ഗ്രാമീണ റോഡുകൾ മറ്റ് മെറ്റീരിയൽ വർക്കുകൾ എന്നിവ നിർവഹിക്കുന്നതിന് എം.ജി.എൻ.ആർ.ജി.എസ് ഫണ്ട് 3,40,86,021 രൂപ  ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് ബജറ്റ് സ്റ്റേറ്റ്മെൻറ് (2026-27) | | | |
| വരവുകൾ (RECEIPTS) | | | |
| | **2025-26 പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള തനത് ഫണ്ട് പ്രാരംഭബാക്കി** | **9774858** | |
| 1 | TOTAL TAX REVENUE - നികുതി വരുമാനം | 15200000 | |
| 2 | FEES AND USER CHARGES -വിവിധ ഫീസുകളും യൂസർ ചാർജ്ജുകളും | 8289000 | |
| 3 | SALES AND USER CHARGES - വിൽപ്പന & ഉപയോക്തൃ ചാർജ്ജുകൾ | 1000000 | |
| 4 | REVENUE GRANTS AND CONTRIBUTION - റവന്യൂ ഗ്രാന്റുകൾ | 217001000 | |
| 5 | INCOME FROM INVESTMENT -നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനം | 1200000 | |
| 6 | INTEREST EARNED - പലിശ വരവ് | 1200000 | |
| 7 | OTHER INCOME - മറ്റു വരുമാനങ്ങൾ | 30000 | |
| 8 | RENTAL INCOME FROM PANCHAYAT PROPERTIES - പഞ്ചായത്ത് വസ്തുവഹകളിൽ നിന്നുള്ള വരുമാനം | 70000 | |
| | **TOTAL REVENUE RECEIPT - ആകെ റവന്യൂ വരവുകൾ** | | **243990000** |
| 9 | GRANTS CONTRIBUTION FOR SPECEFIC PURPOSE - പദ്ധതി ചെലവുകൾക്കുള്ള ഗ്രാൻറുകൾ | 171628021 | |
| 10 | SECCURED LOAN - വായ്പകൾ | 9400000 | |
| 11 | DEPOSIT RECEIVED - വിവിധനിക്ഷേപം സ്വീകരിച്ചത് | 100000 | |
| 12 | FIXED DEPOSIT - സ്ഥിരനിക്ഷേപം | 14687725 | |
| 12 | ADVANCES - അഡ്വാൻസ് | 1900000 | |
| | **TOTAL CAPITAL RECEIPT - ആകെ മൂലധന വരവുകൾ** | | **197715746** |
| | **പ്രാരംഭബാക്കി ഉൾപ്പെടെയുള്ള ആകെ വരവുകൾ** | | **451480604** |

| | | | |
|---|---|---|---|
| | | | |
| 13 | ESTABLISHMENT EXPENCES – റവന്യൂ – എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾ | 26648000 | |
| 14 | ADMINISTRATIVE EXPENCES – റവന്യൂ – ഭരണചെലുകൾ | 7840000 | |
| 15 | OPERATION AND MAINTENANCE –റവന്യൂ – പ്രവർത്തന ചെലവുകൾ | 4956000 | |
| 16 | INTEREST AND FINANCE CHARGES – ബാങ്ക് ചാർജ്ജ് | 55000 | |
| 18 | മറ്റ് പദ്ധതിയേതര ചെലവുകൾ | 150000 | |
| 19 | EXPENDITURE RELATED TO STATE SPONSERED SCHEME FUND – സംസ്ഥാന ആവിഷ്കൃത പരിപാടികൾക്കുള്ള ചെലവുകൾ | 177377000 | |
| 20 | PROGRAMME EXPENCES(MGNRESGS) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ചെലവ് | 34286021 | |
| 21 | Other revenue/grants (260)– മറ്റ് റവന്യൂ ചെലവുകൾ | 50000 | |
| | **TOTAL REVENUE EXPENDITURE – ആകെ റവന്യൂ ചെലവുകൾ** | | **251362021** |
| 22 | E Governance and Conveyance Charge to IKM – ഇ-ഗവേണൻസ് & ഐ.കെ.എം. കൺവേയൻസ് ചാർജ് | 150000 | |
| 23 | ADVANCES – മുൻകൂർ | 1900000 | |
| | **EXPENDITURE – ചെലവുകൾ** | | **253412021** |
| | **FUND EARMARKED FOR PROJECTS–പദ്ധതികൾക്കായി മാറ്റിവെച്ച ഫണ്ട്** | | **146942000** |
| | **TOTAL EXPENDITURE** | | **400354021** |
| | **BALANCE – നീക്കിയിരിപ്പ്** | | **51126583** |

## ഉപസംഹാരം

മഹാനായ അമേരിക്കൻ പ്രസിഡൻറ് ശ്രീ.അബ്രഹാം ലിങ്കണ് പറഞ്ഞിട്ടുണ്ട്. "I walk slowly but never backward" ഞാൻ സാവധാനം പ്രവർത്തിച്ച് മുന്നോട്ട് പോകും എന്നാൽ ഒരിക്കലും പിറകോട്ട് സഞ്ചരിക്കില്ല എന്ന് പറഞ്ഞത് പോലെ സാവധാനത്തിലും കൃത്യതയോടെയും നമുക്ക് വള്ളിക്കുന്നിൻറെ വളർച്ചയിൽ പങ്കാളികളാവാം അതിനായി 45,14,80,604 രൂപയുടെ വരവും 40,03,54,021 രൂപയുടെ ചെലവും 5,11,26,583 രൂപയുടെ ബാലൻസും അടങ്ങിയ വിശദമായ കരട് ബജറ്റ് സവിനയം വായനയ്ക്കും ചർച്ചയ്ക്കും ഭേതഗതി നിർദേശങ്ങൾക്കുമായി നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നു.

| | | | |
|---|---|---|---|
| **വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് കാര്യാലയം** | | | |
| Form 1 | | | |
| **2026-2027 ബജറ്റ്** | | | |

| **SN** | **HEAD OF ACCOUNTS** | **BUDGET FOR 2025-2026** | **BUDGET FOR 2026-2027** |
|---|---|---|---|
| | **തനത് ഫണ്ട് പ്രാരംഭ ബാക്കി** | **64570507** | **9774858** |
| | **വരുമാന രസീത് - 1** | | |
| | **നികുതി വരുമാനം - 110** | | |
| 1 | 1100101 വസ്തു നികുതി | 8250000 | 12000000 |
| 2 | 1101001 തൊഴിൽ നികുതി - ജീവനക്കാർ | 2500000 | 2600000 |
| 3 | 1101002 തൊഴിൽ നികുതി - വ്യാപാരികൾ/ സ്ഥാപനങ്ങൾ | 500000 | 600000 |
| | **ആകെ നികുതി വരുമാനം** | **11250000** | **15200000** |
| | **ഫീസും ഉപയോക്തൃ നിരക്കുകളും - 140** | | |
| 4 | 1401001 സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽസ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ഫീ | 3000 | 5000 |
| 5 | 1401101 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് ഫീ | 400000 | 500000 |
| 6 | 1401106 വളർത്തു നായ്ക്കൾക്കുള്ള ലൈസൻസ് ഫീസ് | 4000 | 5000 |
| 7 | 1401201 കെട്ടിട നിർമ്മാണത്തിനുള്ള ഫീസ് | 3000000 | 3500000 |
| 8 | 1401203 പെർമിറ്റ് അപേക്ഷാ ഫീസ് | 400000 | 500000 |
| 9 | 1401204 അധിക FSIക്കുള്ള പെർമിറ്റ് ഫീസ് | 0 | 10000 |
| 10 | 1401205 ടെലികമ്മ്യൂണിക്കേഷൻ ടവർ സ്ഥാപിക്കുന്നതിനുള്ള ഫീസ് | 30000 | 50000 |
| 11 | 1401304 വിവാഹ രജിസ്ട്രേഷനുള്ള ഫീസ് | 50000 | 60000 |
| 12 | 1401305 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനുള്ള ഫീസ് | 0 | 2000 |
| 13 | 1401306 രജിസ്ട്രേഷനിലെ തിരുത്തലിനുള്ള ഫീസ് | 5000 | 5000 |
| 14 | 1401399 മറ്റ് സർട്ടിഫിക്കറ്റുകൾക്കും പകർപ്പുകൾക്കുമുള്ള ഫീസുകൾ | 10000 | 10000 |
| 15 | 1401401 വിവരാവകാശനിയമപ്രകാരമുള്ള ഫീസ് | 0 | 5000 |

| | | | |
|---|---|---|---|
| 16 | 1401702 അനധികൃത കെട്ടിടനിർമ്മാണ ക്രമവൽക്കരണ ഫീസ് | 2000000 | 3000000 |
| 17 | 1402001 പിഴപ്പലിശ | 250000 | 30000 |
| 18 | 1402003 മറ്റ് പിഴകളും ശിക്ഷകളും | 50000 | 50000 |
| 19 | 1402005 മാലിന്യം വലിച്ചെറിയുന്നതിനുള്ള പിഴ | 100000 | 200000 |
| 20 | 1402006 മാലിന്യം വലിച്ചെറിയുന്നതിനുള്ള പിഴ | 0 | 100000 |
| 21 | 1404004 ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള ഫീസ് -പിഴ | 100000 | 100000 |
| 22 | 1404008 താമസിച്ചുള്ള രജിസ്ട്രേഷൻ ഫീസ് | 10000 | 10000 |
| 23 | 1404009 തിരച്ചിൽ ഫീസ് | 0 | 2000 |
| 24 | 1404099 മറ്റ് ഫീസുകൾ | 100000 | 100000 |
| 25 | 1405001 വാട്ടർചാർജ് | 100000 | 0 |
| 26 | 1405008 ലൈബ്രറികളിൽ നിന്നുള്ള വരവ് | 15000 | 20000 |
| 27 | 1405013 വെള്ളക്കരം (തന്നാണ്ട്) | 0 | 20000 |
| 28 | 1405099 മറ്റ് ഉപയോഗങ്ങൾക്കുള്ള ഫീസുകൾ | 3000 | 5000 |
| | **ആകെ ഫീസും ഉപയോക്തൃ നിരക്കുകളും** | **6630000** | **8289000** |
| | **വിൽപ്പന, വാടക നിരക്കുകൾ - 150** | | |
| 29 | 1501003 മരങ്ങളിലെ പ്രയോജനമുള്ളവയുടെ വിൽപ്പനയിൽ നിന്നുള്ള വരവ് | 100000 | 100000 |
| 30 | 1501102 ടെന്റർ ഫോമുകളുടെ വിൽപ്പനയിൽ നിന്നുള്ള വരവ് | 500000 | 700000 |
| 31 | 1501202 ആക്രി വിൽപ്പനയിൽ നിന്നുള്ള വരവ് | 40000 | 100000 |
| 32 | 1501203 കാലഹരണപ്പെട്ട ആസ്തികളുടെ ലേലത്തിൽ നിന്നുള്ള വരവ് | 50000 | 50000 |
| 33 | 1503001 പലവക വിൽപ്പനകളിൽ നിന്നുള്ള വരവ് | 5000 | 50000 |
| 34 | 1504006 ബസ് വാടക | 70000 | 0 |
| | **ആകെ വിൽപ്പന, വാടക നിരക്കുകൾ** | **765000** | **1000000** |
| | **റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ - 160** | | |
| 35 | 1601010 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ | 5264000 | 7844000 |

| | | | |
|---|---|---|---|
| 36 | 1601012 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - വിധവപെൻഷൻ | 22694100 | 34180700 |
| 37 | 1601013 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 3611200 | 5357200 |
| 38 | 1601014 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - ശാരീരിക മാനസിക ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 9689700 | 14552100 |
| 39 | 1601016 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 150000 | 180000 |
| 40 | 1601018 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - വാർദ്ധക്യകാല പെൻഷൻ | 56261100 | 79263000 |
| 41 | 1601023 ജനറൽ പർപ്പസ് ഫണ്ട് | 33537000 | 39624000 |
| 42 | 1601080 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - സ്ത്രീസുരക്ഷാ പദ്ധതി | 6000000 | 36000000 |
| | **ആകെ റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ** | 137207100 | 217001000 |
| | **നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനം - 170** | | |
| 43 | 1701001 നിക്ഷേപങ്ങളിന്മേലുള്ള പലിശ | 1000000 | 1200000 |
| | **ആകെ നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനം** | **1000000** | **1200000** |
| | **പലിശ വരുമാനം - 171** | | |
| 44 | **1711001 ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പലിശ** | **1000000** | **1200000** |
| | **ആകെ പലിശ വരുമാനം** | **1000000** | **1200000** |
| | **മറ്റ് വരുമാനം - 180** | | |
| 45 | 1808005 സൗരോർജ്ജത്തിൽ നിന്നുള്ള വരവ് | 25000 | 30000 |
| | **ആകെ മറ്റ് വരുമാനം** | **25000** | **30000** |
| | വാടക വരുമാനം - എൽബി പ്രോപ്പർട്ടീസ് - 130 | | |
| 46 | 1304002 ഗ്രൗണ്ടുകളിൽ നിന്നുള്ള വാടക | 12000 | 20000 |
| 47 | 1308002 തദ്ദേശഭരണസ്ഥാപനങ്ങളുടെ വസ്തുവകകളിൽ നിന്നുള്ള വാടക | 36000 | 50000 |
| | **ആകെ വാടക വരുമാനം** | **48000** | **70000** |
| | **ആകെ വരുമാന രസീത്** | **157925100** | **243990000** |
| | **മൂലധന രസീത് - 2** | | |

| | | | |
|---|---|---|---|
| | ഗ്രാന്റുകൾ, പ്രത്യേക ഉദ്ദേശ്യങ്ങൾക്കുള്ള സംഭാവനകൾ - 320 | | |
| 48 | 3201003 പ്രത്യേക ആവശ്യങ്ങൾക്കുള്ള ഗ്രാന്റുകൾ - സ്വന്തമായി കെട്ടിടങ്ങളില്ലാത്ത പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്കും സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കും ഉപകേന്ദ്രങ്ങൾക്കും ഉള്ള ആരോഗ്യ ഗ്രാന്റ് | 5858941 | 0 |
| 49 | 3201004 ധനകാര്യ കമ്മിഷൻ ഗ്രാന്റ് - ഉപാധിയോടുകൂടിയത് | 13039154 | 12012000 |
| 50 | 3201005 ധനകാര്യ കമ്മിഷൻ ഗ്രാന്റ് - ഉപാധിരഹിതം | 8040401 | 8008000 |
| 51 | 3201020 സംയോജിത ശിശു വികസന പദ്ധതി | 0 | 7000000 |
| 52 | 3201024 ദേശീയ ആരോഗ്യ ദൗത്യം | 700000 | 0 |
| 53 | 3201044 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 20000000 | 34086021 |
| 54 | 3201045 ശുചിത്വ മിഷൻ ഗ്രാന്റ് | 1991875 | 0 |
| 55 | 3201050 പ്രത്യേക പദ്ധതികൾക്കുള്ള ഗ്രാന്റുകളും വിഹിതങ്ങളും - കേന്ദ്രസർക്കാർ | 2100000 | 0 |
| 56 | 3202001 വികസനഫണ്ട് - ജനറൽ | 56328000 | 53836000 |
| 57 | 3202002 വികസനഫണ്ട് - പ്രത്യേക ഘടക പദ്ധതി | 9474000 | 10234000 |
| 58 | 3202006 വികസനഫണ്ട് - പ്രത്യേക ഗ്രാന്റ് | 830000 | 0 |
| 59 | 3202009 മെയിന്റനൻസ് ഫണ്ട് - റോഡ് | 22754000 | 18219000 |
| 60 | 3202010 മെയിന്റനൻസ് ഫണ്ട് - റോഡിതരം | 12578000 | 11733000 |
| 61 | 3202037 മറ്റ് റവന്യൂ ഗ്രാന്റുകൾ | 14900000 | 0 |
| 62 | 3208010 ഗുണഭോക്തൃ വിഹിതം | 7413520 | 2500000 |
| 63 | 3209001 സംയുക്ത പദ്ധതികൾക്കുള്ള വിഹിതം - ജില്ലാപഞ്ചായത്തിൽ നിന്ന് | 11152458 | 3000000 |
| 64 | 3209002 സംയുക്ത പദ്ധതികൾക്കുള്ള വിഹിതം - ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് | 12235000 | 2000000 |
| 65 | 3209006 സംയുക്ത പദ്ധതികൾക്കുള്ള വിഹിതം - മറ്റുള്ളവരിൽ നിന്ന് | 131340832 | 9000000 |
| | **ആകെ ഗ്രാന്റുകൾ, പ്രത്യേക ഉദ്ദേശ്യങ്ങൾക്കുള്ള സംഭാവനകൾ** | **330736181** | **171628021** |
| | **സുരക്ഷിത വായ്പകൾ - 330** | | |
| 66 | 3305004 ഹഡ്കോയിൽ നിന്നുള്ള വായ്പകൾ | 14500000 | 9400000 |
| | **ആകെ സുരക്ഷിത വായ്പകൾ** | **14500000** | **9400000** |

| | | | |
|---|---|---|---|
| | **ലഭിച്ച നിക്ഷേപങ്ങൾ - 340** | | |
| 67 | 3401002 സുരക്ഷാ നിക്ഷേപം | 10724 | 50000 |
| 68 | 3402002 ലേലനിക്ഷേപം | 7650 | 50000 |
| | **ആകെ ലഭിച്ച നിക്ഷേപങ്ങൾ** | **18374** | **100000** |
| | മറ്റ് ബാധ്യതകൾ - 350 | | |
| 69 | 3502009 വസൂലാക്കിയത് ഒടുക്കാനുള്ളവ - കെഎസ് എഫ് ഇ | 30000 | 0 |
| | ആകെ മറ്റ് ബാധ്യതകൾ | 30000 | 0 |
| | നിക്ഷേപങ്ങൾ - 420 | | |
| 70 | **4208001 സ്ഥിര നിക്ഷേപങ്ങൾ** | 0 | 14687725 |
| | **ആകെ നിക്ഷേപങ്ങൾ** | **0** | **14687725** |
| | റിഡെംപ്ഷൻ - 431 | | |
| 71 | 4315002 സർക്കാരിൽ നിന്നും കിട്ടുന്നത് (റിഡംപ്ഷൻ എമൗണ്ട്) | 13699390 | 0 |
| | ആകെ റിഡെംപ്ഷൻ | 13699390 | 0 |
| | **വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ - 460** | | |
| 72 | 4601001 ജീവനക്കാർക്കുള്ള ഉത്സവ മുൻകൂറുകൾ | 8000 | 150000 |
| 73 | 4605003 നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂറുകൾ | 0 | 150000 |
| 74 | 4605005 മഹാത്മാഗാന്ധി എൻആർഇജിഎസ്/ എയുഇജിഎസ് നുള്ള മുൻകൂറുകൾ | 0 | 1500000 |
| 75 | 4605006 ഘടകസ്ഥാപനങ്ങൾക്കുള്ള മുൻകൂർ | 240000 | 100000 |
| | ആകെ വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ | 248000 | 1900000 |
| | **ആകെ മൂലധന രസീത്** | **359231945** | **197715746** |
| | **റവന്യൂ ചെലവ് - 3** | | |
| | **സ്ഥാപന ചെലവുകൾ - 210** | | |
| 76 | 2101001 ശമ്പളം - സെക്രട്ടറി | 1400000 | 1800000 |
| 77 | 2101003 ശമ്പളം - സ്ഥിരം ജീവനക്കാർ | 7500000 | 9000000 |

| | | | |
|---|---|---|---|
| 78 | 2101005 ശമ്പളം - താൽക്കാലിക ജീവനക്കാർ | 2720020 | 2800000 |
| 79 | 2101007 ശമ്പളം - പാർട്ട് ടൈം കണ്ടീജന്റ് ജീവനക്കാർ | 275000 | 350000 |
| 80 | 2101101 വേതനം | 1400000 | 1500000 |
| 81 | 2101201 ബോണസ് | 50000 | 100000 |
| 82 | 2101401 മാനവേതനം | 2200000 | 500000 |
| 83 | 2102001 യാത്രാബത്തകൾ - സെക്രട്ടറി | 30000 | 30000 |
| 84 | 2102003 യാത്രാബത്തകൾ - സ്ഥിരജീവനക്കാർ | 150000 | 150000 |
| 85 | 2102004 യാത്രാബത്തകൾ - താൽക്കാലിക ജീവനക്കാർ | 150000 | 150000 |
| 86 | 2102008 മറ്റ് ബത്തകൾ - സ്ഥിരജീവനക്കാർ | 100000 | 100000 |
| 87 | 2102014 മാനവേതനവും ഹാജർ ബത്തയും - കൗൺസിലർമാർ/ അംഗങ്ങൾ | 6000000 | 5000000 |
| 88 | 2102017 ഉത്സവബത്ത | 150000 | 250000 |
| 89 | 2102018 കണ്ണട അലവൻസ് | 0 | 6000 |
| 90 | 2102019 അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ, സ്ഥിരം സമിതി അദ്ധ്യക്ഷർ, കൗൺസിലർമാർ/ അംഗങ്ങൾ എന്നിവരുടെ യാത്രാചെലവുകൾ | 155000 | 300000 |
| 91 | 2102020 ടെലഫോൺ അലവൻസ് - സെക്രട്ടറി | 5235 | 6000 |
| 92 | 2102021 ടെലഫോൺ അലവൻസ് - മേയർ/ ചെയർപേഴ്സൺ/ പ്രസിഡന്റ് | 5000 | 6000 |
| 93 | 2103001 പെൻഷൻ ഫണ്ടിലേക്ക് എംപ്ലോയറുടെ വിഹിതം - റെഗുലർ ജീവനക്കാർ | 20000 | 0 |
| 94 | 2103006 എൻപിഎസ് ലേക്കുള്ള എംപ്ലോയറുടെ വിഹിതം - റെഗുലർ ജീവനക്കാർ | 400000 | 500000 |
| 95 | 2103007 പെൻഷൻ കോൺട്രിവ്യൂഷൻ | 800000 | 1000000 |
| 96 | 2104001 ടെർമിനൽ ലീവ് സറണ്ടർ | 0 | 3000000 |
| 97 | 2105001 പ്രതിഫലം | 0 | 100000 |
| | **ആകെ സ്ഥാപന ചെലവുകൾ** | **23510255** | **26648000** |
| | **ഭരണപരമായ ചെലവുകൾ - 220** | | |
| 98 | 2201001 കെട്ടിടങ്ങളുടെ വാടക | 150000 | 100000 |
| 99 | 2201003 മറ്റ് നികുതികൾ | 50000 | 30000 |

| | | | |
|---|---|---|---|
| 100 | 2201101 ആഫീസിലെ വൈദ്യുതി ചെലവുകൾ | 100000 | 50000 |
| 101 | 2201102 വെള്ളത്തിന്റെ ചാർജ്ജുകൾ | 40000 | 60000 |
| 102 | 2201199 മറ്റ് ആഫീസ് പരിപാലന ചെലവുകൾ | 400000 | 300000 |
| 103 | 2201201 ടെലഫോൺ ചെലവുകൾ/ ഇന്റർനെറ്റ് ചാർജ്ജുകൾ | 100000 | 150000 |
| 104 | 2201202 തപാൽ ചെലവുകൾ | 0 | 25000 |
| 105 | 2201301 വൈദ്യുതി ചെലവുകൾ - ഘടകസ്ഥാപനങ്ങൾ | 10000 | 50000 |
| 106 | 2201303 വാടക - ഘടകസ്ഥാപനങ്ങൾ | 0 | 100000 |
| 107 | 2202001 പുസ്തകങ്ങളും ആനുകാലികങ്ങളും | 75000 | 75000 |
| 108 | 2202101 അച്ചടിയും സ്റ്റേഷനറികളും | 500000 | 600000 |
| 109 | 2204001 ഇൻഷുറൻസ് | 60000 | 100000 |
| 110 | 2205101 പലവക നിയമപരമായ ചെലവുകൾ | 150000 | 500000 |
| 111 | 2205201 വിദഗ്ദ്ധർക്കും മറ്റുമുള്ള ഫീസ് | 30000 | 50000 |
| 112 | 2206001 പത്രപ്പരസ്യത്തിനുള്ള ചെലവുകൾ | 100000 | 150000 |
| 113 | 2206099 മറ്റ് പരസ്യങ്ങൾക്കും പ്രചരണങ്ങൾക്കുമുള്ള ചാർജ്ജുകൾ | 0 | 50000 |
| 114 | 2206101 അംഗത്വവും വരിസംഖ്യയും | 75000 | 100000 |
| 115 | 2208003 ഗ്രാമസഭാ ചെലവുകൾ | 0 | 200000 |
| 116 | 2208005 സർക്കാർ ഉത്തരവ് പ്രകാരമുള്ള സംഭാവനകളും വിഹിതങ്ങളും | 0 | 100000 |
| 117 | 2208006 അനധികൃത ബോർഡുകളും ബാനറുകളും മറ്റും നീക്കം ചെയ്യുന്നതിനുള്ള ചെലവ് | 0 | 50000 |
| 118 | 2208099 മറ്റ് ഭരണനിർവ്വഹണ ചെലവുകൾ | 1718444 | 2500000 |
| 119 | 2302001 വെള്ളത്തിന്റെ ചാർജ്ജുകൾ - സ്ട്രീറ്റ് ടാപ്പ് | 2500000 | 2500000 |
| | **ആകെ ഭരണപരമായ ചെലവുകൾ** | **6058444** | **7840000** |
| | പ്രവർത്തനവും പരിപാലനവും - 230 | | |
| 120 | 2301001 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജുകൾ | 1500000 | 2000000 |
| 121 | 2301002 ഇന്ധനചെലവുകൾ | 200000 | 250000 |

| | | | |
|---|---|---|---|
| 122 | 2301003 തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മറ്റ് കെട്ടിടങ്ങളുടെ വൈദ്യുതി ചാർജ് | 0 | 100000 |
| 123 | 2301004 ശ്മശാനത്തിനുള്ള വൈദ്യുതി ചാർജ് | 0 | 6000 |
| 124 | 2304001 വാഹനങ്ങളുടെ വാടക | 150000 | 200000 |
| 125 | 2305106 സംരക്ഷണവും പരിപാലനവും - കളിസ്ഥലങ്ങൾ | 50000 | 200000 |
| 126 | 2305201 സംരക്ഷണവും പരിപാലനവും - കെട്ടിടങ്ങൾ | 100000 | 200000 |
| 127 | 2305301 സംരക്ഷണവും പരിപാലനവും - വാഹനങ്ങൾ | 200000 | 300000 |
| 128 | 2305902 സംരക്ഷണവും പരിപാലനവും - ഓഫീസ് ഉപകരണങ്ങൾ | 250000 | 300000 |
| 129 | 2308004 ചത്ത മൃഗങ്ങളെ സംസ്കരിക്കുന്നതിനുള്ള ചെലവ് | 0 | 50000 |
| 130 | 2308005 നികുതി പിരിവുമായി ബന്ധപ്പെട്ട ചെലവുകൾ | 0 | 100000 |
| 131 | 2308008 പകർച്ചവ്യാധി നിയന്ത്രണം സംബന്ധിച്ച ചിലവുകൾ | 0 | 50000 |
| 132 | 2308010 അസാധാരണ ചെലവുകൾ | 300000 | 300000 |
| 133 | 2308011 അനധികൃത നിർമാണം മാറ്റുന്നതിനുള്ള ചെലവ് | 0 | 50000 |
| 134 | 2308013 ശുചിത്വ ചെലവുകൾ | 25000 | 400000 |
| 135 | 2308014 ഉദ്ഘാടനങ്ങൾക്കും ചടങ്ങുകൾക്കും വേണ്ടി ചിലവാകുന്ന തുക | 400000 | 200000 |
| 136 | 2308201 ലഘുഭക്ഷണ ചെലവുകൾ | 200000 | 250000 |
| | ആകെ പ്രവർത്തനവും പരിപാലനവും | 3375000 | 4956000 |
| | **പലിശയും ധനകാര്യ നിരക്കുകളും - 240** | | |
| 137 | 2407001 ബാങ്ക് ചാർജുകൾ | 0 | 5000 |
| 138 | 2408001 മറ്റ് ധനകാര്യ ചെലവുകൾ | 0 | 50000 |
| | **ആകെ പലിശയും ധനകാര്യ നിരക്കുകളും** | **0** | **55000** |
| | **പ്രോഗ്രാം ചെലവുകൾ - 250** | | |
| 139 | 2501001 ഇലക്ഷൻ ചെലവുകൾ | 600000 | 200000 |
| 140 | 2502001 ദാരിദ്ര്യനിവാരണ പദ്ധതിയിന്മേലുള്ള ചെലവുകൾ | 20000000 | 34086021 |
| | **ആകെ പ്രോഗ്രാം ചെലവുകൾ** | **20600000** | **34286021** |

| | | | |
|---|---|---|---|
| | **ഉൽപാദന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ - 251** | | |
| 141 | 2510101 കൃഷി - നെല്ല് | 6153120 | 0 |
| 142 | 2510102 കൃഷി - തേങ്ങ | 2345000 | 0 |
| 143 | 2510103 കൃഷി - അടക്ക | 41400 | 0 |
| 144 | 2510104 കൃഷി - പച്ചക്കറികൾ | 530000 | 0 |
| 145 | 2510105 കൃഷി - വാഴ | 1050000 | 0 |
| 146 | 2510110 കൃഷി - പുഷ്പകൃഷി | 80000 | 0 |
| 147 | 2510124 കൃഷി - ഇടവിളകൾ | 425000 | 0 |
| 148 | 2510201 മൃഗസംരക്ഷണം - പശു | 3000000 | 0 |
| 149 | 2510205 മൃഗസംരക്ഷണം - കോഴി വളർത്തൽ | 1176600 | 0 |
| 150 | 2510209 മൃഗസംരക്ഷണം - പശ്ചാത്തല സൗകര്യങ്ങൾ | 500000 | 0 |
| 151 | 2510210 മൃഗസംരക്ഷണം - രോഗ നിയന്ത്രണം | 100000 | 0 |
| 152 | 2510215 മൃഗങ്ങളുടെ സംരക്ഷണം | 180000 | 0 |
| 153 | 2510305 ക്ഷീരവികസനം - പാൽ ഇൻസെന്റീവ് | 1675448 | 0 |
| 154 | 2510403 സമുദ്രജലമത്സ്യകൃഷി | 1200000 | 0 |
| 155 | 2510404 ഉൾനാടൻ മത്സ്യകൃഷി | 200000 | 0 |
| 156 | 2510408 മത്സ്യവിപണനം | 1000000 | 0 |
| 157 | 2510418 മത്സ്യത്തൊഴിലാളികളുടെ ക്ഷേമം | 1500000 | 0 |
| 158 | 2510502 ചെറുകിട ജലസേചനം - വ്യക്തിഗത സൗകര്യങ്ങൾ | 302509 | 0 |
| 159 | 2510613 സേവന സംരംഭങ്ങൾ | 1082205 | 0 |
| 160 | 2510802 ജലസംരക്ഷണം | 5187569 | 0 |
| 161 | 2511201 നൈപുണ്യ വികസനം | 100000 | 0 |
| | **ആകെ ഉൽപാദന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ** | 27828851 | 0 |
| | **സേവന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ - 252** | | |

| | | | |
|---|---|---|---|
| 162 | 2520107 വിദ്യാഭ്യാസം - അനുബന്ധ പ്രവർത്തനങ്ങൾ | 2102150 | 50000 |
| 163 | 2520109 പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് മികവിന് പ്രോത്സാഹനം | 1195000 | 0 |
| 164 | 2520111 എസ് എസ് എ ക്കുള്ള വിഹിതം | 1200000 | 0 |
| 165 | 2520201 തുടർ വിദ്യാഭ്യാസം | 450000 | 0 |
| 166 | 2520303 വായനാമുറികൾ, ലൈബ്രറികൾ - ആനുകാലികങ്ങൾ | 350000 | 0 |
| 167 | 2520502 കല, സംസ്കാരം, സ്പോർട്സ്, യുവജനക്ഷേമം - ഭൗതീക സൗകര്യങ്ങൾ | 3100000 | 0 |
| 168 | 2520503 കല, സംസ്കാരം, സ്പോർട്സ്, യുവജനക്ഷേമം - പ്രമോഷൻ | 750000 | 0 |
| 169 | 2520602 ആരോഗ്യ അനുബന്ധ പ്രവർത്തനങ്ങൾ | 2692438 | 50000 |
| 170 | 2520618 ആരോഗ്യ സ്ഥാപനങ്ങൾ - അലോപ്പതി | 9522555 | 0 |
| 171 | 2520619 ആരോഗ്യ സ്ഥാപനങ്ങൾ - ആയുർവേദം | 2100000 | 0 |
| 172 | 2520620 ആരോഗ്യ സ്ഥാപനങ്ങൾ - ഹോമിയോ | 400000 | 0 |
| 173 | 2520702 കുടിവെള്ളം - പൊതു | 3284300 | 0 |
| 174 | 2520801 ഭവനനിർമ്മാണവും വീട് വൈദ്യുതീകരണവും - വ്യക്തിഗതം | 69570000 | 0 |
| 175 | 2520902 കുട്ടികളുടെ ക്ഷേമ പരിപാടികൾ | 100000 | 0 |
| 176 | 2520903 സ്ത്രീകളുടെ ക്ഷേമം | 3951600 | 0 |
| 177 | 2520904 പ്രായമായവരുടെ ക്ഷേമം | 1687905 | 0 |
| 178 | 2520905 അഗതികൾക്കുള്ള ക്ഷേമപരിപാടികൾ | 500000 | 0 |
| 179 | 2520906 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ക്ഷേമ പരിപാടികൾ | 5474100 | 0 |
| 180 | 2521001 അംഗൻവാടി പോഷകാഹാരം | 6500000 | 0 |
| 181 | 2521101 അംഗൻവാടി ഭൗതിക സൗകര്യങ്ങൾ | 75000 | 0 |
| 182 | 2521102 അംഗൻവാടി അനുബന്ധ സേവനങ്ങൾ | 30000 | 0 |
| 183 | 2521402 വൈദ്യുതി ലൈൻ - ട്രാൻസ്ഫോർമർ- വോൾട്ടേജ് വർദ്ധിപ്പിക്കൽ | 567442 | 0 |
| 184 | 2521601 തദ്ദേശഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ മെച്ചപ്പെടുത്തൽ | 2880000 | 0 |
| 185 | 2521602 ഐകെഎമ്മിനുള്ള പേയ്മെന്റുകൾ | 250000 | 0 |

| | | | |
|---|---|---|---|
| 186 | 2521701 ഘടകസ്ഥാപനങ്ങളിലെ സേവനങ്ങൾ മെച്ചപ്പെടുത്തൽ | 604115 | 0 |
| 187 | 2521903 പൊതു ശുചിത്വം - അനുബന്ധ പ്രവർത്തനങ്ങൾ | 345000 | 0 |
| 188 | 2521904 ശൗചാലയം (വ്യക്തിഗതം) | 1540000 | 0 |
| 189 | 2522001 പദ്ധതി രൂപീകരണം, നിർവ്വഹണം, മേൽനോട്ടം | 500000 | 0 |
| 190 | 2522201 ദുരന്തനിവാരണം - അനുബന്ധ സേവനങ്ങൾ | 50000 | 0 |
| 191 | 2522304 ഖരമാലിന്യ പരിപാലനം - തരംതിരിക്കൽ | 400000 | 0 |
| 192 | 2522305 ഖരമാലിന്യ പരിപാലനം - ശേഖരണവും പരിവഹണവും | 1900000 | 0 |
| 193 | 2522308 ഖരമാലിന്യ പരിപാലനം - സംസ്കരണം - കേന്ദ്രീകൃതം | 1500000 | 0 |
| 194 | 2522311 ഖരമാലിന്യ പരിപാലനം - സംയോജിത പദ്ധതികൾ | 300000 | 0 |
| 195 | 2522314 ഖരമാലിന്യ പരിപാലനം - പ്രോസസ്സിംഗ് - വ്യക്തിഗതം | 2885120 | 0 |
| 196 | 2523201 വിവരവിജ്ഞാനവ്യാപനശേഷി വികസനം | 300000 | 0 |
| | **ആകെ സേവന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ** | 129056725 | 100000 |
| | **അടിസ്ഥാന സൗകര്യ മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ - 253** | | |
| 197 | 2530101 തെരുവ് വിളക്കുകൾ | 1700000 | 0 |
| 198 | 2530203 പാലങ്ങൾ | 488174 | 0 |
| 199 | 2530301 പൊതു കെട്ടിടങ്ങൾ - തദ്ദേശ ഭരണ ആഫീസ് കെട്ടിടം | 1194682 | 0 |
| 200 | 2530302 പൊതു കെട്ടിടങ്ങൾ - മറ്റ് കെട്ടിടങ്ങൾ | 2815824 | 0 |
| 201 | 2530405 മറ്റ് നിർമിതികൾ | 70000 | 0 |
| 202 | 2530501 എഞ്ചിനീയറിംഗ് വിങ്ങിനുള്ള വാഹന വാടക | 432500 | 0 |
| 203 | 2530502 ഹയറിങ് ഓഫ് വെഹിക്കിൾ ഫോർ ഓഫീസ് പർപ്പസ് | 0 | 50000 |
| | **ആകെ അടിസ്ഥാന സൗകര്യ മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ** | 6701180 | 50000 |
| | **സംസ്ഥാന സ്പോൺസർ ചെയ്ത പദ്ധതികളുമായി ബന്ധപ്പെട്ട ചെലവുകൾ - 254** | | |
| 204 | 2540103 മകളുടെ വിവാഹചെലവിന് വിധവകൾക്കുള്ള ധനസഹായം | 0 | |
| 205 | 2540105 സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾക്കുള്ള സഹായം | 5000000 | 0 |

| | | | |
|---|---|---|---|
| 206 | 2540111 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ | 5264000 | 7844000 |
| 207 | 2540113 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - വിധവ പെൻഷൻ | 22694100 | 34180700 |
| 208 | 2540114 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3611200 | 5357200 |
| 209 | 2540115 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 9689700 | 14552100 |
| 210 | 2540117 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 150000 | 0 |
| 211 | 2540118 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - വാർദ്ധക്യകാല പെൻഷൻ | 56261100 | 79263000 |
| 212 | 2540121 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - മറ്റുള്ളവ | 1500000 | 180000 |
| 213 | 2540138 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - സ്ത്രീസുരക്ഷാ പദ്ധതി | 6000000 | 36000000 |
| | **ആകെ സംസ്ഥാന സ്പോൺസർ ചെയ്ത പദ്ധതികളുമായി ബന്ധപ്പെട്ട ചെലവുകൾ** | **110170100** | **177377000** |
| | റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ - 260 | | |
| 214 | 2602301 അപകടകരമായ വൃക്ഷങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള ചെലവ് | 50000 | 50000 |
| | **ആകെ റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ** | **50000** | **50000** |
| | മുൻ കാലയളവിലെ ഇനങ്ങൾ - 280 | | |
| 215 | 2808001 മുൻകാല ചെലവുകൾ | 500000 | 0 |
| | ആകെ മുൻ കാലയളവിലെ ഇനങ്ങൾ | 500000 | 0 |
| | **ആകെ റവന്യൂ ചെലവ്** | **327850555** | **251362021** |
| | മൂലധനച്ചെലവ് - 4 | | |
| | നിക്ഷേപങ്ങളുടെ റീഫണ്ട് - 340 | | |
| 216 | 3401001 നിരതദ്രവ്യം | 136766 | 0 |
| 217 | 3401003 പിടിച്ച് വച്ച തുക | 351928 | 0 |
| 218 | 3402003 റോഡ് കട്ടിംഗിനുള്ള നിക്ഷേപം | 9500 | 0 |

| | | | |
|---|---|---|---|
| 219 | 3402006 ഇലക്ഷൻ നിക്ഷേപം (സ്ഥാനാർത്ഥി) | 115500 | 0 |
| 220 | 3408099 മറ്റ് നിക്ഷേപങ്ങൾ സ്വീകരിച്ചത് | 53800 | 0 |
| | ആകെ നിക്ഷേപങ്ങളുടെ റീഫണ്ട് | 667494 | 0 |
| | തിരിച്ചടവുകളുടെ പേയ്മെന്റ് - 350 | | |
| 221 | 3501102 മൊത്തശമ്പളം നൽകാനുള്ളത് | 507884 | 0 |
| 222 | 3501106 സെൻട്രൽ പെൻഷൻഫണ്ടിലേക്ക് നൽകാനുള്ള വിഹിതം | 8280 | 0 |
| 223 | 3501116 പെൻഷൻ കോ ൺ ട്രിബ്യൂഷൻ അടക്കാനുള്ളത് | 55077 | 0 |
| 224 | 3501122 അവധി ശമ്പളം നൽകാനുള്ളത് | 500000 | 0 |
| 225 | 3501301 തൊഴിലുടമയുടെ ബാധ്യതകൾ - പെൻഷൻ കോൺട്രിബ്യൂഷൻ (എൻപിഎസ്) | 15657 | 0 |
| 226 | 3502001 വസൂലാക്കിയത് ഒടുക്കാനുള്ളവ - ജനറൽ പ്രോവിഡന്റ് ഫണ്ട് | 6500 | 0 |
| 227 | 3502002 വസൂലാക്കിയത് ഒടുക്കാനുള്ളവ - കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് | 74500 | 0 |
| 228 | 3502003 വസൂലാക്കിയത് ഒടുക്കാനുള്ളവ - മുനിസിപ്പാലിറ്റി റെഗുലർ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് | 5000 | 0 |
| 229 | 3502006 വസൂലാക്കിയത് ഒടുക്കാനുള്ളവ - ഇൻഷുറൻസ് പ്രീമിയം | 11969 | 0 |
| 230 | 3502012 വസൂലാക്കിയത് ഒടുക്കാനുള്ളവ - സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് | 11300 | 0 |
| 231 | 3502014 വസൂലാക്കിയത് ഒടുക്കാനുള്ളവ - ഗ്രൂപ്പ് ഇൻഷുറൻസ് | 10300 | 0 |
| 232 | 3502020 വസൂലാക്കിയത് ഒടുക്കാനുള്ളവ - കോൺട്രിബ്യൂട്ടറി പെൻഷൻ | 15657 | 0 |
| 233 | 3502022 വസൂലാക്കിയത് ഒടുക്കാനുള്ളവ - മെഡിസെപ് - റെഗുലർ | 7000 | 0 |
| 234 | 3502030 വസൂലാക്കിയത് ഒടുക്കാനുള്ളവ - ഹൗസ് ബിൽഡിംഗ് അഡ്വാൻസ് | 10710 | 0 |
| 235 | 3502039 വസൂലാക്കിയത് ഒടുക്കാനുള്ളവ - പി എഫ് ലോൺ തിരിച്ചടവ് - കെഎംപിഇസിപിഎഫ് | 6250 | 0 |
| 236 | 3503001 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക – ലൈബ്രറി സെസ് | 307497 | 0 |
| 237 | 3503008 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക – സിജിഎസ് റ്റി | 90 | 0 |
| 238 | 3503009 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക – എസ് ജിഎസ് റ്റി | 90 | 0 |
| 239 | 3503015 ഇ ഗവേണൻസ് ആൻഡ് കൺവെയൻസ് ചാർജ് | 0 | 150000 |
| 240 | 3504018 കൊടുക്കാനുള്ള തിരിച്ചടവുകൾ - ഗ്രാന്റുകളും ഫണ്ടുകളും | 1452789 | 0 |

| | | | |
|---|---|---|---|
| | ആകെ തിരിച്ചടവുകളുടെ പേയ്മെന്റ് | 3006550 | 150000 |
| | സ്ഥിര ആസ്തികൾ - 410 | | |
| 241 | 4101003 പാർക്കുകൾ | 500000 | 0 |
| 242 | 4102005 ആശുപത്രി കെട്ടിടങ്ങൾ | 3838706 | 0 |
| 243 | 4102016 മറ്റ് കെട്ടിടങ്ങൾ | 8413987 | 0 |
| 244 | 4102018 സ്റ്റേഡിയം | 4347640 | 0 |
| 245 | 4102019 ഫ്രീ സ്റ്റൈൽ ഓപ്പൺ ജിം | 601000 | 0 |
| 246 | 4103001 കോൺക്രീറ്റ് റോഡുകൾ | 10075293 | 0 |
| 247 | 4103002 ബ്ലാക്ക് ടോപ്പ്ഡ് റോഡുകൾ | 62482700 | 0 |
| 248 | 4103003 ഇന്റർലോക്ക്ഡ് റോഡുകൾ | 400000 | 0 |
| 249 | 4103004 നടപ്പാത | 1147087 | 0 |
| 250 | 4103006 മൺറോഡ് | 500000 | 0 |
| 251 | 4103007 മറ്റ് റോഡുകൾ | 200000 | 0 |
| 252 | 4103012 സൈഡ് വാൾ | 500000 | 0 |
| 253 | 4103099 മറ്റ് നിർമിതികൾ | 450000 | 0 |
| 254 | 4103102 ഓടകൾ | 1097637 | 0 |
| 255 | 4103302 തെരുവ് വിളക്ക് | 2300000 | 0 |
| 256 | 4104001 പ്ലാന്റുകളും യന്ത്രസാമഗ്രികളും | 1400000 | 0 |
| 257 | 4105001 വാഹനങ്ങൾ | 175000 | 0 |
| 258 | 4106001 ആഫീസിലെയും മറ്റുമുള്ള ഉപകരണങ്ങൾ | 100000 | 0 |
| 259 | 4106002 കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ മറ്റ് ഉപകരണങ്ങൾ | 562500 | 0 |
| 260 | 4107001 ഫർണീച്ചർ, ഉറപ്പിച്ചിരിക്കുന്നവ, ഫിറ്റിംഗ്സ്, ഇലക്ട്രിക്കൽ ഉപകരണങ്ങൾ | 1800000 | 0 |
| 261 | 4108001 മറ്റ് സ്ഥിര ആസ്തികൾ | 500000 | 0 |
| | ആകെ സ്ഥിര ആസ്തികൾ | 101391550 | 0 |

| | | | |
|---|---|---|---|
| | വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ - 460 | | |
| 262 | 4601001 ജീവനക്കാർക്കുള്ള ഉത്സവ മുൻകൂറുകൾ | 200000 | 150000 |
| 263 | 4605003 നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂറുകൾ | 200000 | 150000 |
| 264 | 4605005 മഹാത്മാഗാന്ധി എൻആർഇജിഎസ്/ എയുഇജിഎസ് നുള്ള മുൻകൂറുകൾ | 1400000 | 1500000 |
| 265 | 4605006 ഘടകസ്ഥാപനങ്ങൾക്കുള്ള മുൻകൂർ | 0 | 100000 |
| | **ആകെ വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ** | **1800000** | **1900000** |
| | **ആകെ മൂലധനച്ചെലവ്** | **106865594** | **2050000** |
| (എ)) | ആകെ ചെലവ് | 0 | 253412021 |
| | **ആകെ വരവ്** | **0** | **451480604** |
| (ബി) | പദ്ധതി ചെലവുകൾക്കായുള്ള ഫണ്ട് | 64570507 | **146942000** |
| | **ആകെ ചെലവ് (എ)+ബി)** | | **400354021** |
| | **ബാലൻസ്** | | **51126583** |




വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്